# നവമാധ്യമങ്ങൾ

സാഹിത്യം • സംസ്കാരം • രാഷ്ട്രീയം



ഡോ : എം ആർ ഷെല്ലി



ഡോ : എ എസ് പ്രതീഷ്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ജനാധിപത്യത്തിന്റെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്നു നാമകരണം ചെയ്യപ്പെട്ട നവമാധ്യമങ്ങളുടെ ഇടപെടലുകളെ സംബന്ധിച്ച് ആധികാരികമായി തയാറാക്കിയ പഠനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. സാഹിത്യത്തിലും സംസ്കാരത്തിലും രാഷ്ട്രീയത്തിലും നിരന്തരമായി ഇടപെട്ടുകൊണ്ടിരിക്കുന്ന, നവലോകത്തെയൊന്നാകെ പരസ്പരം കോർത്തിണക്കിയ നവമാധ്യമസങ്കേതങ്ങളുടെ സാധ്യതകളും പരിമിതികളും പരിണാമഗതികളും ആഴത്തിൽ അന്വേഷണവിധേയമാക്കുകയും ചെയ്യുന്നു ഈ ഗ്രന്ഥം.

Like Comment Share

വില: ₹ 90/-


SIL - 4829

ISBN 978 81-200-4829-4

9788120048294

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

നവമാധ്യമങ്ങൾ സാഹിത്യം • സംസ്കാരം • രാഷ്ട്രീയം | ഡോ. എം ആർ ഷെല്ലി | ഡോ എ എസ് പ്രതീഷ്



2102

LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2102 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**NAVAMADHYAMANGAL**
**Sahithyam-Samskaram-Rashtreeyam**
*by*
**Dr. M.R. Shelly**
**Dr. A.S. Pratheesh**

First Published: June, 2018
Second Edition: December, 2019

*Reset at*
SIL - DTP Section
Thiruvananthapuram - 695 003

*Printed at*
Time Offset Printers
Thiruvananthapuram 695 001

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003
© The State Institute of Languages Kerala 2018
0471-2316306, 2314768

Copies : 500

SIL / 4829 ISBN 978-81-200-4829-4

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development , New Delhi.

**Price** : 90/-

# നവമാധ്യമങ്ങൾ

**സാഹിത്യം • സംസ്കാരം • രാഷ്ട്രീയം**

**ഡോ. എം.ആർ. ഷെല്ലി**
**ഡോ. എ.എസ്. പ്രതീഷ്**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

## ഡോ. എം.ആർ. ഷെല്ലി

കൊല്ലം ജില്ലയിലെ കുമ്പളം ഗ്രാമത്തിൽ ജനനം. മാതാപിതാക്കൾ പരേതനായ വൈ. മത്യാസ്, എ. റജീനാമ്മ (രണ്ടുപേരും ഹൈസ്ക്കൂൾ മലയാളം അധ്യാപകർ). കേരള സർവകലാശാലയിൽ നിന്നു മലയാളം ബി.എ. (1996), എം.എ. (1998) പരീക്ഷകളിൽ ഒന്നാം റാങ്കും ഗോൾഡു മെഡലും കരസ്ഥമാക്കി. 1998-മുതൽ ഫാത്തിമമാതാ നാഷണൽ കോളെജിൽ ഗസ്റ്റ് അധ്യാപകൻ. തുടർന്ന് 1999-ൽ ജെ.ആർ. എഫോടുകൂടി നെറ്റ് പരീക്ഷപാസായി. 2005-ൽ ഫാത്തിമ മാതാ നാഷണൽ കോളെജിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ലഭിച്ചു. 2011-ൽ വ്യാകരണത്തിൽ പി.എച്ച്.ഡി. ബിരുദം നേടി. 2012-ൽ യു.ജി.സി.യുടെ മേജർ പ്രോജക്റ്റിന് അർഹനായി. 26-ഓളം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാഹിത്യ സാംസ്കാരിക മണ്ഡലങ്ങളിൽ സജീവ സാന്നിധ്യം. കാലിക്കറ്റ് സർവകലാശാല പി.ജി. ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ, ഫാത്തിമ മാതാ നാഷണൽ (ഓട്ടോണമസ്) കോളെജ് ഡീൻ ഓഫ് ആർട്ട്സ്, കൊല്ലം ലത്തീൻ കത്തോലിക്കാരൂപതാ മുഖപത്രമായ വിശ്വധർമത്തിന്റെ പത്രാധിപസമിതി അംഗം, ജവഹർ ബാലജനവേദി കുണ്ടറ നിയോജക മണ്ഡലം കോ-ഓഡിനേറ്റർ, മാർഇവാനിയോസ് കോളെജ് (ഓട്ടോണമസ്) മലയാളം ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2012 മുതൽ 2018 വരെ മലയാള വിഭാഗം അധ്യക്ഷൻ. ഇപ്പോൾ ഫാത്തിമാ മാതാ നാഷണൽ കോളെജ് വൈസ് പ്രിൻസിപ്പൽ.

കൃതികൾ : നവമാധ്യമങ്ങൾ: സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, ഭാഷാവിചിന്തനം, പാട്ടൊഴുകിയ വഴികളിലൂടെ
ഭാര്യ : റിനു (അധ്യാപിക, റ്റി.കെ.ഡി.എം. ഹയർ സെക്കന്ററി സ്കൂൾ, കൊല്ലം)
മക്കൾ : ശ്രേയാ മറിയം, ശ്രദ്ധാ തെരേസാ
വിലാസം : സാഹിതീ സദനം, കുമ്പളം, കൊല്ലം. ഫോൺ 9961485059
email : mathiasshelly@gmail.com
വിലാസം : അസിസ്റ്റന്റ് പ്രൊഫസർ, ഫാത്തിമ മാതാ നാഷണൽ കോളെജ്, കൊല്ലം.

## ഡോ. എ.എസ്. പ്രതീഷ്

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ ജനിച്ചു.

പിതാവ്: അന്ത്രയോസ്,

മാതാവ്: സരോജിനി.

ധനുവച്ചപുരം ഗവ.ബോയ്സ് ഹൈസ്കൂൾ, വി.റ്റി.എം.എൻ.എസ്.എസ്. കോളെജ് ധനുവച്ചപുരം, യൂണിവേഴ്സിറ്റി കോളെജ് തിരുവനന്തപുരം എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. കേരള സർവകലാശാലയിൽ നിന്നും മലയാള സാഹിത്യത്തിൽ എം.ഫില്ലും പി.എച്ച്ഡിയും നേടി. 2014-ൽ എം.ടി.:കല, ദേശം, സ്വത്വം എന്ന നിരൂപണകൃതി പ്രസിദ്ധീകരിച്ചു. ആനുകാലികങ്ങളിലെ നിരൂപണ സാന്നിധ്യം. ഇപ്പോൾ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളെജിലെ മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ.

ഭാര്യ : സരിത
മകൾ : ഋതുനന്ദ
വിലാസം : ഇന്ദീവരം, മേയ്പുരം
പരശുവയ്ക്കൽ.പി.ഒ
തിരുവനന്തപുരം.
email:pratheeshrithu@gmail.com



**ജനറൽ എഡിറ്റർ : പ്രൊഫ. വി. കാർത്തികേയൻ നായർ**
**സബ് എഡിറ്റർ : അശ്വിൻ കൃഷ്ണ. ആർ**
**കവർ : പ്രജിൽ അമൻ**

**General Editor : Prof. V. Karthikeyan Nair**
**Sub Editor : Aswin Krishna. R**
**Cover : Prajil Aman**


## ആമുഖം

**പ**രമ്പരാഗത മാധ്യമങ്ങളുടെ പരിധിയും പരിമിതിയും ലംഘിച്ച് സമസ്ത മേഖലകളിലും നവമാധ്യമങ്ങൾ കുടിയേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. നിരന്തരം പുതുക്കിപ്പണിതുകൊണ്ടും കൂടുതൽ വിശാലത കൈവരിച്ചും അവ ലോകത്തിന്റെ കടിഞ്ഞാൺ ഏറ്റെടുത്തു കഴിഞ്ഞിരിക്കുന്നു. അസാധ്യമെന്നു നാം കരുതിയതെല്ലാം സാധ്യമാക്കുകയും സ്വാഭാവികമാക്കുകയും ചെയ്യുന്ന മാന്ത്രികതയാണത്. അതോടൊപ്പം സാംസ്കാരികമായ മുന്നേറ്റങ്ങളും പിന്മടക്കങ്ങളും ഒരേസമയം ഇതുമൂലം സംഭവിക്കുന്നുമുണ്ട്. അതിന്റെ ന്യായാന്യായങ്ങളെ കേവലയുക്തിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക സാധ്യമല്ല.

*നവമാധ്യമങ്ങൾ: സാഹിത്യം, സംസ്കാരം, രാഷ്ട്രീയം* എന്ന പഠന സമാഹാരം അതുകൊണ്ടുതന്നെ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു ശ്രമമാണ്. ഈ സമാഹാരത്തിലെ ഓരോ പഠനവും അത്തരമൊരു വിമർശനാത്മകതയെ ഉൾക്കൊള്ളുന്നതാണ്. പുസ്തകത്തിന്റെ രണ്ടാംപതിപ്പ് വായനക്കാർക്കായി സാഭിമാനം സമർപ്പിക്കുന്നു.

**നാളന്ദ**
**ഡിസംബർ 2019**

**പ്രൊഫ. വി. കാർത്തികേയൻ നായർ**
**അശ്വിൻ കൃഷ്ണ ആർ.**

മലയാളഭാഷ വളർച്ചയുടെയും മാറ്റത്തിന്റെയും പാതയിലാണ്. മലയാളം സൈബർ സാന്നിധ്യത്തിലൂടെ ആഗോളവ്യാപകമായി എത്തുന്നതിനൊപ്പം അതിന്റെ വ്യവഹാരവ്യാപ്തിയും ഏറിയിരിക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന ഏതൊരു ഭാഷയും കാലാനുസൃതമായ മാറ്റത്തിനു വിധേയമാണ്. പുതിയപദങ്ങൾ, വാക്യഘടനയിൽ സംഭവിക്കുന്ന മാറ്റങ്ങൾ, ചുരുക്കെഴുത്തുകൾ, അർഥവ്യാപ്തിയുള്ള പുത്തൻ ചിഹ്നങ്ങൾ തുടങ്ങിയവയെല്ലാം ഭാഷയെ വളർത്തുന്നവയാണ്. ഭാഷയുടെ മാറ്റം സാഹിത്യത്തെ രൂപതലത്തിലും ആഖ്യാനതലത്തിലും പരിവർത്തിപ്പിക്കുന്നു. ബ്ലോഗെഴുത്തുകളും എസ്.എം.എസ്സുകളുമെല്ലാം കാലത്തിന്റെ സംസ്കാരം പേറുന്ന ചുവരെഴുത്തുകളും സാഹിത്യവുമാണ്. വിക്കിപീഡിയ, ഡിജിറ്റൽ ലൈബ്രറി, ഓൺലൈൻ പത്രം, വെബ് മാഗസിൻ, ഇന്ററാക്ടീവ് ഇ-ബുക്ക്, ഇ-നിഘണ്ടു, ഓർക്കുട്ട്, ഫെയ്സ്ബുക്ക്, ടിറ്റർ, ഇ-മെയിൽ തുടങ്ങിയ സാങ്കേതിക ഡിജിറ്റൽ വേദികൾ പ്രദാനം ചെയ്യുന്ന ആശയമേഖലയുടെ വ്യാപ്തിയും വ്യവഹാരമണ്ഡലവും വിസ്തൃതിയുള്ളതാണ്. മാധ്യമകേന്ദ്രീകൃതമായി രൂപപ്പെട്ടുവരുന്ന പുതിയ പൊതുമണ്ഡലം സൈബർ ജനാധിപത്യവും സിറ്റിസൺ ജേണലിസവും പോലുള്ള ഡിജിറ്റൽ സംസ്കാരത്തിന്റെയും പുതുകാല നിർമിതിയുടെയും ഭാഗമാണ്. ഈ പശ്ചാത്തലത്തിൽ നമ്മുടെമുന്നിൽ ക്രമത്തിൽ മാറിക്കൊണ്ടിരിക്കുന്ന സാഹിത്യം, സംസ്കാരം, രാഷ്ട്രീയം എന്നിവയെ വിശകലനം ചെയ്യുകയെന്ന ദൗത്യമാണ് ഈ പുസ്തകത്തിനുള്ളത്.

നവമാധ്യമരംഗത്തെ വിദഗ്ധരും ഗവേഷകരുമാണ് ഈ പ്രബന്ധങ്ങൾ ഓരോന്നും തയാറാക്കിയിരിക്കുന്നത്. സാഹിത്യത്തിലും സംസ്കാരത്തിലും രാഷ്ട്രീയത്തിലും നവമാധ്യമങ്ങൾ എപ്രകാരം സ്വാധീനം ചെലുത്തുന്നു എന്നു മനസ്സിലാക്കുന്നതിന് ഈ ഗ്രന്ഥം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ. എം.ആർ. ഷെല്ലി**
**ഡോ. എ.എസ്. പ്രതീഷ്**

## ഉള്ളടക്കം


നവമാധ്യമങ്ങളിലൂടെ
*ഡോ. എം.ആർ. ഷെല്ലി* 1

നവമാധ്യമങ്ങൾ : സാഹിത്യം, സംസ്കാരം, രാഷ്ട്രീയം
*ഡോ. എ.എസ്. പ്രതീഷ്* 7

നവമാധ്യമങ്ങളുടെ ആഖ്യാനരീതികൾ
*ഡോ. ടി. ജിതേഷ്* 13

അനുഭവങ്ങളുടെ ലിങ്കുകൾ
*ഡോ. ഒ.കെ. സന്തോഷ്* 20

നവമാധ്യമങ്ങൾ : വിനിമയ ജനാധിപത്യത്തിന്റെ തുറസ്സുകൾ
*ഡോ. ആർ.എസ്. ജയ* 27

സിനിമ : വിവർത്തനത്തിന്റെ നവമാധ്യമധർമം
*ഡോ. വത്സലൻ വാതുശ്ശേരി* 31

പുതുകവിതയിലെ നവമാധ്യമഇടങ്ങൾ
*ഡോ. എം.എസ്. സുചിത്ര* 42

സിറ്റിസൺ ജേണലിസം : സാധ്യതകളും പരിമിതികളും
*ഡോ. ആർ. രാജേഷ്* 48

നവമാധ്യമങ്ങൾ : ഒരു രാഷ്ട്രീയ പ്രചാരണോപാധി
*ഡോ. എസ്. ജയൻ* 53

സൈബറും ഫിക്ഷനും
*ഡോ. ഡി. വി. അനിൽകുമാർ* 57

ഫെയ്സ്ബുക്ക് : ആത്മരതിയുടെ വെളിയിടം
*ഡോ. എസ്. അജയഘോഷ്* 64

എസ്.എം.എസ് : ഭാഷയുടെ പാരമ്പര്യനിഷേധം
*കിരൺ മോഹൻ എം.* 71

അധികാരത്തിന്റെ പ്രയോഗവും സംസ്കാരവും നവമാധ്യമങ്ങളിൽ
*രമ്യ ആർ.* 78

നവമാധ്യമങ്ങളും മൂല്യസങ്കൽപ്പങ്ങളും
*ജോൺ എം.പി.* 83

നവമാധ്യമങ്ങളിലെ ഭാഷാസമീപനം
*പെട്രീഷ്യ ജോൺ* 88

നവമാധ്യമങ്ങളുടെ സ്വാധീനം മലയാളകവിതയിൽ
*ആര്യരാജ് ആർ.* 92

സാംസ്കാരികവിമർശനം ബ്ലോഗുകവിതകളിൽ
*രഞ്ജുദേവി ആർ.* 96

ഇ-മെയിൽ : വ്യവഹാരത്തിന്റെ സ്വരൂപവും വിനിമയരീതിയും
*ശ്രീല എസ്.* 101

നവമാധ്യമസംസ്കാരവും പരസ്യങ്ങളും
*ശരജ ആർ.* 104

നവമാധ്യമങ്ങളും കേരളീയരുടെ സംസ്കാരവും
*മെർലിൻ ജോൺ* 108

മലയാളം ബ്ലോഗുകവിതകൾ : എഴുത്തിന്റെ നൂതനതലങ്ങൾ
*രാജി ജെ.* 114

ഇ-വായനയുടെ ഇടങ്ങൾ മലയാളസാഹിത്യത്തിൽ
*രാഖി ആർ.* 119

സൈബർ വ്യവഹാരത്തിലെ മലയാളസാന്നിധ്യം
*ലത വി.* 124

മതേതരത്വം സൈബറിടത്തിൽ
*സജി കരിങ്ങോല* 129

# നവമാധ്യമങ്ങളിലൂടെ

*ഡോ.എം.ആർ. ഷെല്ലി*

## വർത്തനവ്യതിയാനങ്ങളുടെ ഉറവുകൾ

**വ**ർത്തമാനകാല ജീവിതത്തിന്റെ ഹൃദയമിടിപ്പുകളാണ് നവമാധ്യമങ്ങൾ. ടെലിവിഷൻ ചാനലുകളിൽ തുടങ്ങി വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, ബ്ലോഗ്, ടിറ്റർ, യൂറ്റ്യൂബ്, ഇൻസ്റ്റഗ്രാം വരെ നീളുന്ന നവമാധ്യമ മുഖങ്ങൾ - അക്ഷരാർഥത്തിൽ നെഞ്ചോടടക്കിപ്പിടിച്ചാണു നാം ഓരോരുത്തരും ഉണ്ണുന്നതും ഉറങ്ങുന്നതും; എന്തിന്? ശ്വസിക്കുന്നതുപോലും. വ്യക്തി മുതൽ രാഷ്ട്രം വരെ നീളുന്ന ശൃംഖലകൾ ഇത്തരം നവമാധ്യമ സംസ്കൃതിയുടെ വിളക്കുകണ്ണികളാണെന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയില്ല. ആശയരൂപീകരണം, വിനിമയം, അവയുടെ സ്വീകാര്യത/തിരസ്കരണം എന്നിവയ്ക്ക് ഒരു രാഷ്ട്രത്തിന്റെയോ സമൂഹത്തിന്റെയോ സംസ്കൃതിയുടെയോ പ്രത്യയശാസ്ത്രത്തിന്റെയോ വേലിക്കെട്ടുകൾ തടസ്സമാകുന്നില്ല എന്നതാണ് ഈ മാധ്യമസംസ്കാരത്തിന്റെ ഏറ്റവും വലിയ സവിശേഷത. വിജ്ഞാനത്തിന്റെ വിതരണം സുഗമമാക്കുന്നതിനൊപ്പം തന്നെ മനുഷ്യചിന്തയിലേക്കും പ്രവർത്തനങ്ങളിലേക്കും ഒരുതരം അധീശമനോഭാവത്തോടെ ബലാൽ കടന്നുകയറാനുള്ള ഒരു സാഹചര്യവും നവമാധ്യമങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അങ്ങനെ, സമൂഹത്തെ പരിവർത്തിപ്പിക്കുവാനുള്ള ശ്രമങ്ങളാണ് നവമാധ്യമങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതും ഉണ്ടായിക്കൊണ്ടിരിക്കുന്നതും. സാഹിത്യം, സംസ്കാരം, രാഷ്ട്രീയം എന്നിങ്ങനെ വിവിധ തലങ്ങളിൽ സ്വീകാര്യമായ വർത്തന വ്യതിയാനങ്ങൾ സൃഷ്ടിക്കുവാൻ നവമാധ്യമങ്ങൾക്കു കഴിയുന്നു എന്നു ചുരുക്കം.

## പൊളിച്ചെഴുത്തുകൾ

മാനവരാശിയുടെ സമഗ്രമായ ആധുനീകരണം (The Entire Modernisation of Mankind) എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്കു വർത്തമാനകാഴ്ചപ്പാടുകളെ കാതങ്ങളോളം കൈപിടിച്ചു നടത്തിക്കൊണ്ടിരിക്കുന്ന നവമാധ്യമങ്ങൾ ചില തച്ചുതകർക്കലുകളിലൂടെയാണ് ഈ നേട്ടം സ്വായത്തമാക്കുന്നത്. ഈ തച്ചുതകർക്കലുകൾ ചില മൂല്യങ്ങളുടേതോ,